ഗവണ്മെൻറ് എൽ. പി. സ്കൂളിലെ ഹെഡ്മാസ്റ്റർമാരുടെ സസ്പെൻഷൻ.

* 779. [29] ശ്രീ. ടി. ഓ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ പേരിൽ ആക്ഷേപം ഉണ്ടായാൽ അന്വേഷണത്തിനു് വിധേയമായി എത്രനാൾ സസ്പെൻഷനിൽ നിറുത്താമെന്നാണു് വ്യവസ്ഥയുള്ളതു് ;

(ബി) അന്വേഷണം നടത്തി തീരുമാനം ചെയ്യുന്നതിനു് വല്ല ക്രിപ്ത കാലാവധിയും വച്ചിട്ടുണ്ടോ ;

(സി) എറണാകുളം ജില്ലയിൽ വടവുകോട്ട ഗവണ്മെൻറ് എൽ. പി സ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്ന കെ. പി. ഉലഹന്നാനെ അന്വേഷണ വിധേയമായി എന്നാണു് സസ്പെൻറു ചെയ്തതു് ;

(ഡി) അന്വേഷണം പൂർത്തിയാക്കി തീരുമാനം ചെയ്തതു് എന്നാണു് ;

(ഈ) റീജിയണൽ ഡയറക്ടറുടെ തീരുമാനത്തിന്മേൽ ഈ അദ്ധ്യാപകൻ ഡയറക്ടർക്കു് അപ്പീൽ കൊടുത്തിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്നാണു് എറണാകുളം റീജിയണൽ ഡയറക്ടർ ആഫീസു് മുഖം ഈ അപ്പീൽ കൊടുത്തതു് ;

(ജി) റീജിയണൽ ഡയറക്ടർ ആഫീസിൽ നിന്നും റിപ്പോർട്ടോട് കൂടി എന്നാണു് ഡയറക്ടർക്കു് ഈ അപ്പീൽ അയച്ചതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ)

(എ) എത്രനാൾ സസ്പെൻഷനിൽ നിറുത്താമെന്നു് വ്യവസ്ഥയില്ല.

(ബി) ഇല്ല.

(സി) 27–9–1962–ലെ കല്പന പ്രകാരം 1–10–1962–മുതൽ സസ്പെൻറു ചെയ്തു.

(ഡി) 24–9–1963–ൽ.

(ഈ) കൊടുത്തിട്ടുണ്ടു്.

(എഫ്) 19–10–1963–ൽ തുപ്പണിത്തുറ എ. ഇ. ഓ. ആഫീസിൽ അപ്പീൽ കിട്ടി. 19–11–1963–നു് റീജിയണൽ ഡയറക്ടറുടെ ആഫീസിൽ അതു് കിട്ടി.

(ജി) 10–1–1964–നു്.

പത്രലേഖകന്മാരുടെ അക്രഡിറ്റേഷൻ.

* 780. [30] ശ്രീ ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലെ ജില്ലാ തലസ്ഥാനങ്ങളിലെ പത്ര ലേഖകന്മാർക്കു് അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു് ;

(സി) അക്രഡിറ്റേഷൻ നൽകേണ്ടതിന്റെ ആവശ്യകതയെ പുരസ്കരിച്ചു് മാതൃഭൂമി ദിനപത്രം 21–11–1963–ൽ എഴുതിയ മുഖപ്രസംഗം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല.

(ബി) പത്രലേഖകന്മാരുടെ അക്രഡിറ്റേഷനുള്ള അപേക്ഷകൾ പത്ര മുടമകളോ മാനേജിംഗ് എഡിറ്ററോ ആണ് സമർപ്പിക്കേണ്ടത്. ജില്ലാ അടിസ്ഥാനത്തിലുള്ള പത്രലേഖകന്മാരുടെ അക്രഡിറ്റേഷനും പത്രമുടമകളും അനുകൂലികളല്ലെന്നും ഈ പ്രശ്നം ചർച്ചയ്ക്കെടുത്തപ്പോൾ പ്രസ്സ് അക്രഡിറ്റേഷൻ കമ്മിറ്റിക്കും ബോദ്ധ്യമായി. അതിനാൽ ഈ പ്രശ്നം പരിഗണിച്ചിട്ടില്ല.

(സി) ഉണ്ട്.

UNSTARRED QUESTIONS AND ANSWERS

ഹൈസ്കൂളുകൾ.

100. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും ആകെ എത്ര ഹൈസ്കൂളുകൾ ഉണ്ട് ;

(ബി) ഓരോ ഹൈസ്കൂളിലും 1963–64 വർഷത്തിൽ ആകെ എത്രകുട്ടികൾ പഠിക്കുന്നുണ്ട് ; ഏതെല്ലാം ക്ലാസുകളിൽ :

(സി) ഓരോ ഹൈസ്കൂളിലും പഠിക്കുന്ന പട്ടിക ജാതി കുട്ടികളുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ)

തിരുവനന്തപുരം	.....	100
കൊല്ലം	.....	123
ആലപ്പുഴ	.....	136
കോട്ടയം	.....	126
എറണാകുളം	.....	140
തൃശ്ശൂർ	.....	120
പാലക്കാട്	.....	85
കോഴിക്കോട്	.....	100
കണ്ണൂർ	.....	78

(ബി) ആകെ ; 5,65,602 കുട്ടികൾ.

സ്റ്റാൻഡേർഡ് VIII 2,50,237

,, ,, IX 2,00,917

,, ,, X 1,14,448

(സി) ആകെ 51,008 പട്ടികജാതി വിദ്യാർത്ഥികൾ ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly